"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിച്ച 3 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകൾ ലക്ചറർ ഇൻ എഡ്യുക്കേഷണൽ ടെക്നോളജി ആയി പരിവർത്തനം ചെയ്ത് ഈ തസ്തികകൾ മൂന്നു സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ പുനർ വിന്യാസം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.326/2020/ഉ.വി.വ തീയതി, തിരുവനന്തപുരം, 25/09/2020

പരാമർശം:- 1 സ.ഉ (എം.എസ്) നം.545/2012/ഉ.വി.വ തീയതി 03.11.2012.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 14.08.2019 – ലെ ബി2/17062/2001/കോ.വി.വ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) – ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ 8 അധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നു. ഇതിൽ 4 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ശേഷിക്കുന്നത് 4 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളാണെന്നും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അസ്സോസിയേറ്റ് പ്രൊഫസർ എന്നത് പ്ലെയ്സ്മെന്റ് പോസ്റ്റ് ആയതിനാലും നേരിട്ടുള്ള നിയമനം പ്രസ്തുത തസ്തികകളിൽ ഇല്ലാത്തതിനാലും ടി തസ്തികകൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണെന്നും, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തിരുവനന്തപുരം ഒഴികെ മറ്റ് മൂന്ന് സർക്കാർ ട്രെയിനിംഗ് കോളേജുകളിലും പെർസ്പെക്ടീവ് വിഷയത്തിന് മതിയായ അധ്യാപകർ ഇല്ലെന്നും ഇത് കോളേജുകളുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. പരാമർശം (1) – ലെ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 4 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യുക്കേഷൻ, തൃശ്ശൂർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കോഴിക്കോട്, ഗവ.ബ്രണ്ണൻ കോളേജ് ഓഫ് എഡ്യുക്കേഷൻ, തലശ്ശേരി എന്നീ സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ട ഓരോ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളെ ലക്ചറർ ഇൻ എഡ്യുക്കേഷണൽ ടെക്നോളജി ആക്കി മാറ്റുക വഴി സാമ്പത്തിക ബാദ്ധ്യത കൂടാതെ തന്നെ മൂന്ന് അധ്യാപക തസ്തികകൾ ലക്ചറർ ഇൻ എഡ്യുക്കേഷണൽ ടെക്നോളജി വിഭാഗത്തിൽ പ്രസ്തുത കോളേജുകളിൽ സൃഷ്ടിക്കുന്നതിന് സാധിക്കുന്നതാണെന്നും അപ്രകാരം നടപടി സ്വീകരിക്കുന്ന പക്ഷം National Council for Teacher Education (NCTE) മാനദണ്ഡങ്ങൾ പ്രകാരം പെർസ്പെക്ടീവ് വിഷയത്തിന് വേണ്ട അദ്ധ്യാപകരുടെ അഭാവം പരിഹരിക്കാൻ സാധിക്കുമെന്നും കൂടാതെ നിലവിൽ സൂപ്പർ ന്യൂമററി പോസ്റ്റിൽ സേവനമനുഷ്ഠിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ റെഗുലർ സർവ്വീസിൽ അബ്സോർബ് ചെയ്യാൻ സാധിക്കുമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2)-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) – ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിച്ച 3 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകൾ ലക്ചറർ ഇൻ എഡ്യുക്കേഷണൽ ടെക്നോളജി ആയി പരിവർത്തനം ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യുക്കേഷൻ, തൃശ്ശൂർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കോഴിക്കോട്, ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തലശ്ശേരി എന്നീ മൂന്നു സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ ഓരോ ലക്ചറർ ഇൻ എഡ്യുക്കേഷണൽ ടെക്നോളജി തസ്തിക വീതം പുനർ വിന്യാസം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

4616311/2020/(F) (H.Edn)

File No.HEDN-F1/174/2019-HEDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഉഷ ടൈറ്റസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാ-ബി)വകുപ്പ് (26.06.2020 ലെ File No: EDN-B3/108/2019-FINനമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി.)വകുപ്പ് (23.09.2020ലെ 4210 -ാം നമ്പർ ഇനം പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്:-**

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

4606489/2020/(F) (H.Edn)

രഹസ്യം.

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 23-09-2020

ഫയൽ നം. എഫ്1/174/2019/ഉ.വി.വ. ഇനം നം: 4210

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിച്ച 3 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകൾ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജിയായി പരിവർത്തനം ചെയ്ത് ടി തസ്തികകൾ 3 സർക്കാർ ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് പുനർ വിന്യസിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

23/9

4606489/2020/(F) (H.Edn)

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്1/174/2019/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : | സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിച്ച 3 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകൾ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജിയായി പരിവർത്തനം ചെയ്ത് ടി തസ്തികകൾ 3 സർക്കാർ ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് പുനർ വിന്യസിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01/08/2020 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഇല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ഹരികുമാർ.ജി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഉഷ ടൈറ്റസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/09/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/09/2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16/09/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17/09/2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) നം.545/2012/ഉ.വി.വ തീയതി 03/11/2012 പ്രകാരം സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിച്ച 4 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ 3 എണ്ണം ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി ആയി പരിവർത്തനം ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീഡ് ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്, ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി എന്നീ മൂന്നു സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ ഓരോ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി തസ്തിക ആയി പുനർ വിന്യസിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

**2.** നിലവിലെ National Council for Teacher Education (NCTE ) മാനദണ്ഡങ്ങൾ പ്രകാരം ഗവ.ട്രെയിനിംഗ് കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിന് പെർസ്പെക്റ്റീവ് വിഷയങ്ങളിൽ 4 (നാല്) സ്ഥിരാദ്ധ്യപകർ ആവശ്യമാണ്. സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) 22/2015/ഉ.വി.വ തീയതി 28.01.2015 പ്രകാരം National Council for Teacher Education (NCTE) - യുടെ മാനദണ്ഡങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ സർക്കാർ ട്രെയിനിംഗ് കോളേജുകളിലെ പെർസ്പെക്റ്റീവ് വിഷയത്തിനുള്ള അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം - 04
2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ,തൃശ്ശൂർ -03
3. ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട് - 02
4. ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി - 03

സർക്കാർ ഉത്തരവ് സ.ഉ (എം.എസ്) നം.545/2012/ഉ.വി.വ തീയതി 03/11/2012 പ്രകാരം സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ 8 (എട്ട്) അധ്യാപക തസ്തികകളാണ് സൃഷ്ടിച്ചത്. ഇതിൽ 4 (നാല്) അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ശേഷിക്കുന്നത് 4 (നാല്) തസ്തികകൾ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളാണെന്നും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അസ്സോസിയേറ്റ് പ്രൊഫസർ എന്നത് പ്ലെയ്സ്മെന്റ് പോസ്റ്റ് ആയതിനാലും നേരിട്ടുള്ള നിയമനം പ്രസ്തുത തസ്തികകളിൽ ഇല്ലാത്തതിനാലും ടി തസ്തികകൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിരുന്നു. ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം ഒഴികെ മറ്റു മൂന്ന് സർക്കാർ ട്രെയിനിംഗ് കോളേജുകളിലും പെർസപെക്റ്റീവ് വിഷയത്തിന് മതിയായ അധ്യാപകർ ഇല്ലെന്നും ഇത് കോളേജുകളുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) നം.545/2012/ഉ.വി.വ തീയതി 03/11/2012 പ്രകാരം സൃഷ്ടിക്കപ്പെട്ട 4 (നാല്) അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്, ഗവ.ബ്രണ്ണൻ കോളേജ് ഓഫ് എഡ്യൂക്കേഷൻ, തലശ്ശേരി മുതലായ സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ട ഓരോ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളെ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി ആക്കി മാറ്റുക വഴി സാമ്പത്തിക ബാദ്ധ്യത കൂടാതെ തന്നെ മൂന്ന് അധ്യാപക തസ്തികകൾ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി വിഭാഗത്തിൽ പ്രസ്തുത കോളേജുകളിൽ സൃഷ്ടിക്കുന്നതിന് സാധിക്കുന്നതാണെന്നും അപ്രകാരം നടപടി സ്വീകരിക്കുന്ന പക്ഷം National Council for Teacher Education (NCTE) മാനദണ്ഡങ്ങൾ പ്രകാരം പെർസ്പെക്റ്റീവ് വിഷയത്തിന് വേണ്ട അദ്ധ്യാപകരുടെ അഭാവം പരിഹരിക്കാൻ സാധിക്കുമെന്നും കൂടാതെ നിലവിൽ സൂപ്പർ ന്യൂമററി പോസ്റ്റിൽ

സേവനമനുഷ്ഠിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ റെഗുലർ സർവ്വീസിൽ അബ്സോർബ് ചെയ്യാൻ സാധിക്കുമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഗവൺമെന്റ് ട്രെയിനിങ് കോളേജുകളുടെ National Council for Teacher Education (NCTE) അംഗീകാരം നിലനിർത്തുന്നതിന് നിശ്ചിത എണ്ണം അസിസ്റ്റന്റ് പ്രൊഫസ്സർമാരുടെ തസ്തികകൾ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും, എന്നാൽ നിലവിലെ National Council for Teacher Education (NCTE) മാനദണ്ഡങ്ങൾ പ്രകാരം അസ്സോസിയേറ്റ്/അസിസ്റ്റന്റ് പ്രൊഫസർ എന്ന് തരം തിരിച്ച് നിശ്ചിത എണ്ണം അധ്യാപകരുടെ ആവശ്യകത കാണുന്നില്ല എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു. അസ്സോസിയേറ്റ് പ്രൊഫസ്സർ ഒരു പ്ലേസ്മെന്റ് തസ്തികയാണ്. യു.ജി.സി.റെഗുലേഷൻ അനുസരിച്ച് നിശ്ചിത സർവീസും യോഗ്യതകളും ഉള്ള അസിസ്റ്റന്റ് പ്രൊഫസ്സർമാർക്കു പ്ലേസ്മെന്റ് നൽകിയാണ് അസ്സോസിയേറ്റ് പ്രൊഫസ്സർമാരാക്കുന്നത്. അസിസ്റ്റന്റ് പ്രൊഫസ്സർമാരുടെ സാങ്ക്ഷൻഡ് പോസ്റ്റിനുള്ളിൽ നിന്ന് തന്നെ അസ്സോസിയേറ്റ് പ്രൊഫസർ പ്ലേസ്മെന്റുകൾ നൽകാവുന്നതാണെന്നും, അതിലേക്കായി പ്രത്യേക അസ്സോസിയേറ്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കേണ്ടതില്ല എന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. 100% സെൻട്രലി സ്പോൺസേർഡ് സ്കീം ആനുകൂല്യത്തോടെ അനുവദിച്ച എല്ലാ തസ്തികകളും സൂപ്പർ ന്യൂമററി ആക്കി മാറ്റിക്കൊണ്ട് ഉത്തരവായിരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിൽ ലക്ചർ ഇൻ എഡ്യൂക്കേഷൻ ടെക്നോളജി തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഒന്നാം റാങ്ക് നേടിയ ശ്രീ.ബി.പ്രദീപ് ചന്ദ്രനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് നൽകുകയുണ്ടായി. സ.ഉ(എം.എസ്) നം.140/2015/ഉ.വി.വ തീയതി 18.04.2015 - ലെ ഉത്തരവ് പ്രകാരം ശ്രീ.പ്രദീപ് ചന്ദ്രൻ.ബി യെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ നിയമിക്കാൻ ഉത്തരവായി. ശ്രീ.പ്രദീപ് ചന്ദ്രൻ.ബി പി.എസ്.സി

നിയമന ശിപാർശ പ്രകാരം സർവ്വീസിൽ പ്രവേശിച്ച വ്യക്തിയാണ്. എന്നാൽ സ്ഥിര തസ്തികകൾ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി വിഭാഗത്തിൽ ഇല്ലാത്തതിനാൽ ടിയാനെ സർവ്വീസിൽ അബ്സോർബ് ചെയ്യുന്നതിനോ സർവ്വീസ് റെഗുലറൈസേഷനും മറ്റ് ആനുകൂല്യങ്ങൾ നല്കുന്നതിനോ കഴിയുന്നില്ലെന്നും ടിയാനെ റഗുലർ തസ്തികയിൽ നിയമിക്കുന്നതു വഴി അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ലെന്നും നവീന കാലഘട്ടത്തിൽ ടെക്നോളജി വിഭാഗങ്ങളുടെ പ്രാധാന്യം ഏറിനിൽക്കെ ടി വിഭാഗത്തിൽ സ്ഥിര തസ്തികകൾ ഇല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്യപ്പെട്ട അദ്ധ്യാപകർ സൂപ്പർ ന്യൂമററി ആയി നിലനിൽക്കുകയാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു .

3. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) നം.545/2012/ഉ.വി.വ തീയതി 03/11/2012 പ്രകാരം സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിച്ച 4 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ 3 എണ്ണം ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി ആയി പരിവർത്തനം ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്, ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി എന്നീ മൂന്നു സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ ഓരോ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി തസ്തിക വീതം പുനർ വിന്യസിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

4. ഗവ ട്രെയിനിംഗ് കോളേജുകളിലെ 4 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ 3 എണ്ണം ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി ആയി പരിവർത്തനം ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീഡ് ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്,

ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി എന്നീ മൂന്ന സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ ഓരോ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി തസ്തിക ആയി പുനർ വിന്യസിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായം അറിയിക്കുകയും ചെയ്തിരുന്നു.

***"GO(MS) No.545/2012/HEd dated 03.11.2012 പ്രകാരം സൃഷ്ടിച്ച 4 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ 3 എണ്ണം പരിവർത്തനം ചെയ്ത് ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി വിഭാഗത്തിലേക്ക് പുനർ വിന്യസിക്കാൻ ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.***

***ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരവുമുണ്ട്."***

5. ഗവ.ട്രെയിനിംഗ് കോളേജുകളിലെ 4 അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ 3 എണ്ണം പരിവർത്തനം ചെയ്ത് ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി വിഭാഗത്തിലേക്ക് പുനർ വിന്യാസം ചെയ്യുന്നതിനാൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല.

6. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട കാര്യം**

സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) നം.545/2012/ഉ.വി.വ തീയതി 03/11/2012 പ്രകാരം സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ സൃഷ്ടിച്ച 3

അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകൾ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി ആയി പരിവർത്തനം ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്, ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി എന്നീ മൂന്ന സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ ഓരോ ലക്ചറർ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി തസ്തികയായി പുനർ വിന്യാസം ചെയ്യാവുന്നതാണോ ?